**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4148** **18-07-2022 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സാമ്പത്തിക മേഖലയെ ബാധിക്കുന്ന കേന്ദ്ര നിയമങ്ങൾ പരിശോധിച്ച് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനുള്ള പുതിയ നിയമ നിർമ്മാണം നടപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | നാഷണൽ മോണിറ്റൈസേഷൻ പോളിസിയുടെ ഭാഗമായി പൊതു ആസ്തികൾ ഡിസ്ഇൻവേസ്മെന്റ് ചെയ്തുകൊണ്ട് മൂലധന വരവ് വർദ്ധിപ്പിക്കുന്നതിനുള്ള നിയമം കേന്ദ്രസർക്കാർ പാർലമെന്റിൽ പാസാക്കിയിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാർ ഇത്തരത്തിൽ ഒരു നടപടി കൈകൊണ്ടിട്ടില്ല. 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത ധനലക്ഷ്യങ്ങൾക്കനുസൃതമായി സംസ്ഥാനം 2003 ലെ ധനഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ ഇതിനോടകം തന്നെ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ജി.എസ്.ടി. നിയമം വഴി സംസ്ഥാനത്തിന് ലഭ്യമാകേണ്ട നികുതി വരുമാനം പിരിച്ചെടുക്കുന്ന കേന്ദ്ര സർക്കാർ നടപടികൾ തിരുത്താനും കൂടുതൽ കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുമായി ഈ സർക്കാർ തുടർന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുക,സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിൽ പങ്കിടുന്ന ജിഎസ്ടിയുടെ വരുമാനം നിലവിലെ 50:50 അനുപാതത്തിൽ നിന്ന് 60:40 അനുപാതത്തിലേക്ക് വർദ്ധിപ്പിക്കുക, അസാധാരണമാം വിധം ഈടാക്കുന്ന ഉയർന്ന സെസുകളും സർചാർജ്ജുകളും നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, കേന്ദ്രവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം വർദ്ധിപ്പിക്കുക, കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള സംസ്ഥാന വിഹിതത്തിൽ (inter se share) ഉണ്ടായിട്ടുള്ള കുറവ് നിമിത്തം വരുമാനത്തിലുണ്ടായ നഷ്ടം നികത്തുക, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി പ്രത്യേക ധനസഹായം നൽകുക മുതലായ ആവശ്യങ്ങൾ കേന്ദ്രബജറ്റിന് മുന്നോടിയായി നടന്ന യോഗത്തിൽ സംസ്ഥാനം ഉന്നയിക്കുകയും കേന്ദ്ര ധനകാര്യ മന്ത്രിയെ കത്ത് മുഖേന അറിയിക്കുകയും ചെയ്തിട്ടുണ്ട്. ജി.എസ്.ടിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ജി.എസ്.ടി. കൗൺസിൽ യോഗങ്ങളിൽ സംസ്ഥാനം ശക്തമായി ഉന്നയിക്കാറുണ്ട്. |
| (സി) | കഴിഞ്ഞ സർക്കാരിന്റെയും തുടർ സർക്കാരിന്റെയും കാലയളവിൽ സംസ്ഥാനത്തിന് ലഭ്യമാകേണ്ട നികുതി വരുമാനം എത്രയെന്നും എത്ര ലഭ്യമായിയെന്നും എത്ര കുറവുണ്ടായിയെന്നും | (സി) | കേന്ദ്രത്തിൽ നിന്നും സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. കൂടാതെ, ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞു വരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ 2021-22 സാമ്പത്തിക വർഷത്തിലും ലഭിച്ച കേന്ദ്ര നികുതി വിഹിതത്തിന്റെ വിശദാംശങ്ങൾ ചുവടെ പട്ടികയായി ചേർക്കുന്നു. |

| | | | | | | | |
|---|---|---|---|---|---|---|---|
| | സാമ്പത്തിക വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ? | | | | | | |

| മുൻ സർക്കാർ കാലയളവ് | | | |
|---|---|---|---|
| **സാമ്പത്തിക വർഷം** | **കേന്ദ്ര നികുതി വിഹിതം (തുക കോടിയിൽ)** | | |
| | **അക്കൗണ്ട്സ്** | **യൂണിയൻ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം ലഭിക്കേണ്ടത്** | **നികുതി വിഹിതത്തിൽ ഉണ്ടായിട്ടുള്ള കുറവ്** |
| 2016-17 | 15225.02 | 14282.00 | 943.02 |
| 2017-18 | 16833.08 | 16891.75 | -58.67 |
| 2018-19 | 19038.17 | 19703.01 | -664.84 |
| 2019-20 | 16401.05 | 20228.33 | -3827.28 |
| 2020-21 | 11560.40 | 15236.64 | -3676.24 |
| **ആകെ** | **79057.72** | **86341.73** | **-7284.01** |
| **നിലവിലെ സർക്കാർ കാലയളവ്** | | | |
| 2021-22 (അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം) | 17820.09 | 12812.08 | 5008.01 |
| **ആകെ** | **17820.09** | **12812.08** | **5008.01** |

സെക്ഷൻ ഓഫീസർ